# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:255** **18.08.2017-ൽ മറുപടിയ്ക്ക്**

**മത്സ്യവിത്തിന്റെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. നൗഷാദ്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.വി. ജോയി<br>ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി മത്സ്യവിത്തുകേന്ദ്രം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | എ) ഉണ്ട്. 2014-ലെ കേരള മത്സ്യവിത്ത് ആക്ട് (2015-ലെ 4-ാം ആക്ട്) പ്രകാരം കൊല്ലം ആസ്ഥാനമായി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ധനും 6 അംഗങ്ങളും ചേർന്നതാണ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം. |
| ബി) തദ്ദേശീയ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശീയ മത്സ്യകുഞ്ഞുല്പാദനത്തിന് പ്രത്യേക ഹാച്ചറികൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) തദ്ദേശീയ മത്സ്യവിത്തുല്പാദനത്തിന് മാത്രമായി പ്രത്യേകം ഹാച്ചറികൾ സ്ഥാപിച്ചിട്ടില്ല. തദ്ദേശീയ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശീയ മത്സ്യവിത്തുല്പാദനത്തിന് ഉതകുന്ന രീതിയിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാർ (344ലക്ഷം), പത്തനംതിട്ട ജില്ലയിലെ പോളച്ചിറ ( 500 ലക്ഷം), തൃശ്ശൂർ ജില്ലയിലെ പീച്ചി (284ലക്ഷം), കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ (393 ലക്ഷം), കോട്ടയം ജില്ലയിലെ പ ളളം (203 ലക്ഷം) എന്നിവിടങ്ങളിലെ അടിസ്ഥാനസൗകര്യം വികസിപ്പിച്ച് വരാൽ, മുഷി, കാരി, അനബാസ് (കറൂപ്പ്), കരിമീൻ എന്നീ തദ്ദേശീയ മത്സ്യഇനങ്ങളുടെ ഉല്പാദനത്തിന് പ്രാപ്തമാക്കുകയും ഇവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിലുളള പ്രജനനവും മത്സ്യവിത്തുല്പാദനവും വിജയകരമായി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ വാണിജ്യാടിസ്ഥാനത്തിലുളള വിത്തുല്പാദനം കൈവരിക്കുന്നതിനുളള പ്രവർത്തനങ്ങൾ സ്വീകരിച്ചു വരികയാണ്. |

| | | |
|---|---|---|
| സി) | പൊതുമേഖലയിൽ മത്സ്യത്തീറ്റ നിർമ്മാണശാല ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) ഈ സർക്കാർ അധികാരമേറ്റശേഷം 25.11.2016-ലെ സ.ഉ(സാധാ) നം. 828/2016/മതുവ ഉത്തരവ് പ്രകാരം ആയിരംതെങ്ങിൽ ഒരു മത്സ്യത്തീറ്റ നിർമ്മാണശാല കേരള ജലകൃഷി വികസന ഏജൻസി (അഡാക്ക്) വഴി സ്ഥാപിക്കുന്നതിന് 583 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ